പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3664 20.06.2019-ൽ മറുപടിക്ക്

## ആർ.സി.സി.യിലെ ചികിത്സാസൗകര്യങ്ങൾ

ചോദ്യം

ശ്രീ.വി.എസ്.ശിവകുമാർ

മറുപടി

കെ.കെ. ശൈലജ ടീച്ചർ

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർ.സി.സി.യിലെ കാഷ്വാലിറ്റിയിൽ ഒരേ സമയം എത്ര രോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യമുണ്ടെന്ന് അറിയിക്കുമോ; | (എ) & (ബി) | ശരാശരി 120 നും 130 നും ഇടയിലുള്ള രോഗികളാണ് ദിവസവും കാഷ്വാലിറ്റിയിൽ എത്തുന്നത്. ഇവരിൽ 60 മുതൽ 80 ശതമാനം രോഗികൾക്കും പ്രാഥമിക ചികിത്സ (പാലിയേറ്റീവ് കെയർ, ആന്റിബയോട്ടിക് ഇൻജക്ഷൻ മുതലായവ) നൽകി വിടാവുന്നതാണ്. കൂടുതൽ പരിചരണം വേണ്ടിവരുന്ന രോഗികൾക്ക് ചികിത്സ നൽകിയ ശേഷം ആവശ്യമെങ്കിൽ വാർഡിലേക്ക് മാറ്റുന്നതുമാണ്. നിലവിൽ അത്യാഹിത വിഭാഗത്തിൽ 4 ബെഡുകളാണുള്ളത്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പത്ത് ബെഡുകളുള്ള കാഷ്വാലിറ്റിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | ആർ.സി.സി.യിൽ എത്തുന്ന രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലെ സൗകര്യം കൊണ്ട് കാഷ്വാലിറ്റിയിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് ഒരേ സമയം ചികിത്സ നൽകുവാൻ സാധിക്കാത്തതിനാൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ